(ഡി) സ്ഥലമാറ്റത്തിന് അപേക്ഷ നൽകുന്നതിന്റെ അടിസ്ഥാനത്തിലല്ല സ്ഥലംമാറ്റം നൽകുന്നത്. ഡോ. ഷാനവാസ് മദ്യപിച്ച് രോഗികൾക്കും പൊതു ജനങ്ങൾക്കും ശല്യമുണ്ടാക്കുന്ന രീതിയിൽ പെരുമാറുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ പേരിൽ എടക്കര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ കുറ്റാരോപണ മെമ്മോ നൽകുകയും തുടർന്ന് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ ശുപാർശ കണക്കിലെടുത്തുമാണ് ടിയാനെ സ്ഥലം മാറ്റിയത്.

(ഇ) ശിക്ഷാനടപടികൾക്ക് വിധേയനായിട്ടുണ്ട്. 4-5-2013-ൽ ഡോ. ഷാനവാസ്.പി.സി. മദ്യപിച്ച് രോഗികൾക്കും പൊതുജനങ്ങൾക്കും ശല്യമുണ്ടാ കത്തക്ക രീതിയിൽ പെരുമാറുന്നു എന്ന് വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എടക്കര പോലീസ് സ്റ്റേഷനിൽ നിന്നും അന്വേഷണം നടത്തുകയും ഇക്കാര്യം ശരിയാണെന്ന് പ്രഥമദൃഷ്യാ ബോധ്യപ്പെടുകയും ചെയ്തതിനാൽ കേസ് രജിസ്റ്റർ ചെയ്യുകയും 19-12-2013-ൽ കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു. പ്രതിവാദപത്രിക തൃപ്തികരമല്ലാതിരുന്നതിനാലും മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ അഭിപ്രായവും കണക്കിലെടുത്ത് ടിയാൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും തുടർന്ന് 21-10-2014-ലെ ഉത്തരവ് പ്രകാരം രണ്ട് വാർഷിക ഇൻക്രിമെന്റ് രണ്ട് വർഷത്തേക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് അച്ചടക്ക നടപടികൾ തീർപ്പാക്കുകയും ചെയ്തു. ഡോക്ടർക്ക് കരുളായി സി.എച്ച്.സി-യിലേയ്ക്ക് സ്റ്റോപ്പ്ഗ്യാപ് നിയമനം നൽകിയതിനെതുടർന്ന് ടി ഡോക്ടറെ ആരോഗ്യ വകുപ്പ് ഡയറക്ടർ പാലക്കാട് ജില്ലയിലേയ്ക്ക് സ്ഥലംമാറ്റുകയും ചെയ്തിരുന്നു.

(എഫ്) ഡോ. ഷാനവാസിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടില്ല.

(ജി) പ്രസ്തുത ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ലഭിക്കുന്ന പക്ഷം അക്ഷേപങ്ങളെക്കുറിച്ച് അന്വേഷിച്ച ശേഷം ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്

8 (2217) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് എന്ന് ആരംഭിക്കാൻ കഴിയും എന്ന് വെളിപ്പെടുത്താമോ ; ഇതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് എവിടെ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കുവാൻ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി അറിയിക്കുവാനുള്ള കേന്ദ്രത്തിന്റെ നിർദ്ദേശം 20-6-2014-ൽ സർക്കാരിന് ലഭിച്ചു. കേരളത്തിന് 'എയിംസ് അനുവദിക്കുന്ന വിഷയത്തിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി സഹകരിച്ച് സംസ്ഥാന സർക്കാർ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് കേരളത്തിൽ സ്ഥാപിക്കുന്നതിനായി അനുയോജ്യമായ മൂന്നോ നാലോ പ്രദേശങ്ങൾ കണ്ടെത്തി നൽകുവാൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമവകുപ്പ് ആവശ്യപ്പെടുകയും വിശദമായ വിലയിരുത്തലുകൾക്കുശേഷം താഴെപറയുന്ന നാല് പ്രദേശങ്ങൾ 'എയിംസ് സ്ഥാപിക്കുന്നതിനായി തിരഞ്ഞെടുക്കുകയും ഈ വിവരം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തിരുന്നു :

1. കോഴിക്കോട് ജില്ലയിലെ കിനാലൂർ, കാന്തലാട് വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന ബാധ്യതകൾ ഒന്നും ഇല്ലാത്ത 154.43 ഏക്കർ സ്ഥലം.

2. കോട്ടയം ജില്ലയിലെ ആർപ്പുക്കര, അതിരമ്പുഴ ബ്ലോക്കുകളിലായി ലഭ്യമായിട്ടുള്ള 194.85 ഏക്കർ സ്ഥലം.

3. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ കള്ളിക്കാട് വില്ലേജിൽ നെട്ടുകാൽത്തേരി തുറന്ന ജയിലിന് സമീപത്തായി ലഭ്യമായിട്ടുള്ള 263.45 ഏക്കർ സ്ഥലം.

4. എറണാകുളം ജില്ലയിലെ തൃക്കാക്കര നോർത്ത് വില്ലേജിലെ 123.5 ഏക്കർ സ്ഥലം എന്നിവയാണ് നിലവിൽ 'എയിംസ് സ്ഥാപിക്കുന്നതിനായി യോജിച്ച പ്രദേശങ്ങളായി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തെ അറിയിച്ചിട്ടുള്ളത്.

ഈ നാല് പ്രദേശങ്ങളെ സംബന്ധിച്ച വിശദമായ വിവരങ്ങൾ ചെക്ക് ലിസ്റ്റായി തയ്യാറാക്കി നൽകുവാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് അതും നൽകിയിട്ടുണ്ട്. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലെ വിദഗ്ധർ അടങ്ങുന്ന സംഘം പ്രസ്തുത പ്രദേശങ്ങൾ സന്ദർശിച്ച ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ് എന്ന് ബഹു. കേന്ദ്ര ആരോഗ്യ മന്ത്രി ബഹു. മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly